**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1640** **13-02-2025 - ൽ മറുപടിയ്ക്ക്**

**ആറ്റിങ്ങൽ മണ്ഡലത്തിലെ ഇക്കോ ഷോപ്പുകളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | ആറ്റിങ്ങൽ മണ്ഡലത്തിലെ വിവധ ഇക്കോ ഷോപ്പുകളിൽ കഴിഞ്ഞ മൂന്ന് മാസക്കാലമായി നടന്ന പ്രവർത്തനങ്ങൾ കൃഷിഭവൻ അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ; | (എ) | ആറ്റിങ്ങൽ മണ്ഡലത്തിന്റെ പരിധിയിൽ വക്കം, പുളിമാത്ത്, നഗരൂർ, ആറ്റിങ്ങൽ, മണമ്പൂർ കൃഷിഭവനുകളിലായി ആകെ 5 ഇക്കോഷോപ്പുകളാണുള്ളത്. ആയതിൽ വക്കം, മണമ്പൂർ കൃഷിഭവനുകളിലായുള്ള ഇക്കോഷോപ്പുകൾ നല്ല രീതിയിൽ പ്രവർത്തിച്ച് വരുന്നു. ടി ഇക്കോഷോപ്പുകളിൽ, കർഷകർ പ്രാദേശികമായി കാർഷിക ഉൽപ്പന്നങ്ങൾ ശേഖരിച്ച്, പൊതുജനങ്ങൾക്ക് വിൽപ്പന നടത്തി വരുന്നു.<br><br>**കഴിഞ്ഞ മൂന്നുമാസ കാലയളവിൽ വക്കം ഇക്കോഷോപ്പ് 1,83,600 രൂപയുടെയും, മണമ്പൂർ ഇക്കോഷോപ്പ് 1,82,109 രൂപയുടെയും വിറ്റുവരവ് നേടിയിട്ടുണ്ട്.**<br><br>**ആറ്റിങ്ങൽ കൃഷിഭവന്റെ കീഴിലുള്ള ഇക്കോഷോപ്പ് സാമ്പത്തിക ബുദ്ധിമുട്ട് കാരണം ഇപ്പോൾ പ്രവർത്തിക്കുന്നില്ല. ആറ്റിങ്ങൽ FPO മുഖേന ഇത് തുറന്ന് പ്രവർത്തിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.**<br><br>**നഗരൂർ കൃഷിഭവന്റെ കീഴിലുള്ള ഇക്കോഷോപ്പ് കഴിഞ്ഞ ആറുമാസമായി പ്രവർത്തിക്കുന്നില്ല. പുതിയ ക്ലസ്റ്റർ രൂപീകരിച്ച് രജിസ്ട്രേഷൻ പുതുക്കുന്നതിനും ഇക്കോഷോപ്പ് തുറന്നുപ്രവർത്തിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.** |
| (ബി) | ഓരോ ഇക്കോ ഷോപ്പിനും വകുപ്പ് നൽകിയ സഹായം വിശദമാക്കുമോ? | (ബി) | വക്കം, പുളിമാത്ത്, നഗരൂർ, ആറ്റിങ്ങൽ ഇക്കോഷോപ്പുകൾക്ക് 1.00 ലക്ഷം രൂപ വീതവും, മണമ്പൂർ ഇക്കോഷോപ്പിന് 2.40 ലക്ഷം രൂപയും കൃഷിവകുപ്പ് ധനസഹായമായി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ